**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 8**

**04.06.2018 ൽ മറുപടിക്ക്**

# പോലീസ് സേനയുടെ കാര്യക്ഷമത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. പി.ടി.എ. റഹീം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപ്പിലാക്കി വരുന്ന ആധുനീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) സംസ്ഥാനത്തെ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ആധുനീകരണത്തിന്റെ ഭാഗമായി സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി അന്വേഷണം നടത്തി കണ്ടെത്തുന്നതിനായി 19 സൈബർ സെല്ലുകളും, ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് സ്റ്റേഷൻ, സൈബർ ഡോം, സോഷ്യൽ മീഡിയ സെൽ എന്നിവ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ നിലവിലുള്ള തിരുവനന്തപുരത്തിന് പുറമെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ആസ്ഥാനമായി പുതിയ മൂന്ന് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ പരാതി സമർപ്പിക്കുന്നതിനും അന്വേഷണ സ്ഥിതി അറിയുന്നതിനും പുതുതായി 'തുണ' എന്ന സിറ്റിസൺ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പൊതുജനങ്ങൾക്ക് സുരക്ഷക്കായി ഉപയോഗിക്കാവുന്ന 'രക്ഷ', 'ഡയൽ എ കോപ്പ്', ' സിറ്റിസൺ സേഫ്റ്റി' തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ സി.സി.ടി.എൻ.എസ് സംവിധാനം, ഡിജിറ്റൽ ഫോറൻസിക് സംവിധാനങ്ങൾ, ഓഫീസ് സേവനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം, സ്ത്രീ സുരക്ഷക്കായി പിങ്ക് ബീറ്റ് പട്രോൾ തുടങ്ങിയവ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ആധുനീകരണ പ്രവർത്തനങ്ങളാണ്. |

| | |
|---|---|
| ബി) പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ തന്നെ പരാതി സമർപ്പിക്കുന്നതിനും അതിന്മേലുള്ള അന്വേഷണത്തിന്റെ സ്ഥിതി അറിയുന്നതിനും മറ്റുള്ള സേവനങ്ങൾ കാര്യക്ഷമമായി ലഭിക്കുന്നതിനും പുതുതായി ഏർപ്പെടുത്തിയ സംവിധാനത്തിന്റെ വിശദാംശം അറിയിക്കാമോ; | ബി) ഇതിനായി ആരംഭിച്ച 'തുണ' എന്ന സിറ്റിസൺ പോർട്ടലിലൂടെ പരാതിക്കാരന് നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാനും അതിന്റെ സ്റ്റാറ്റസ് ഓൺലൈൻ വഴി അറിയാനും കഴിയുന്നുണ്ട്. കൂടാതെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പി.സി.സി), നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻ.ഒ.സി), പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഫ്.ഐ.ആർ -ന്റെ പകർപ്പ് എന്നിവ ഓൺലൈൻ വഴി ലഭ്യമാക്കുവാനും കഴിയും. കാണാതായ വ്യക്തികളുടെ വിവരങ്ങൾ പോലീസിന് നൽകാനും, സമ്മേളനങ്ങൾ, ജാഥകൾ മറ്റു കലാപരിപാടികൾ എന്നിവ നടത്തുന്നതിനും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നതിനുമുള്ള പോലീസ് അനുവാദം ഓൺലൈൻ അപേക്ഷയിലൂടെ ഈ പോർട്ടൽ വഴി സാധ്യമാകുന്നതാണ്. |
| സി) ആധുനികവല്ക്കരണത്തോടൊപ്പം തന്നെ സ്റ്റേഷനിൽ വരുന്നവരോടും വാഹന പരിശോധനാവേളകളിലും ജനങ്ങളുടെ അന്തസ്സിനെ ഹനിക്കാത്ത രീതിയിലുള്ള പെരുമാറ്റം ഉണ്ടാകാൻ വേണ്ട ഇടപെടലും അതിനു വേണ്ട പരിശീലന പദ്ധതിയും തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സി) പൊതുജനങ്ങളുമായുള്ള സമ്പർക്കത്തിൽ പോലീസുകാരുടെ പെരുമാറ്റം സൗഹൃദപരവും സഹായകരവുമാക്കുന്നതിനായി ഇൻസ്പെക്ടർ തലത്തിൽ സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സ്ട്രസ്സ് മാനേജ്മെന്റ് ട്രെയിനിംഗ് എന്നിവ കേരളാ പോലീസ് അക്കാഡമിയിൽ നടത്തി വരുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും അതിന്മേൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കുന്നതിനായി സി.പി.ഒ മുതൽ ഡി.വൈ.എസ്.പി വരെയുള്ളവർക്ക് ആക്ടീവ് ലിസണിംഗ് സ്കിൽ ട്രെയിനിംഗ് നടത്തി വരുന്നുണ്ട്. വാഹന പരിശോധനാവേളയിൽ ജനങ്ങളുടെ അന്തസ്സിനെ ഹനിക്കാത്ത രീതിയിലുള്ള പെരുമാറ്റം ഉണ്ടാകാൻ വേണ്ട പരിശീലനങ്ങളും നൽകി വരുന്നു. കൂടാതെ വാഹന പരിശോധനയെ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള കർശന നിർദ്ദേശവും സംസ്ഥാന പോലീസ് മേധാവി തലത്തിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ